LIBRARY ARCHIVES Kerala Legislative Assembly

ട്രഷറി ഓഫീസുകളുടെ നവീകരണം

129 (514) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറി ഓഫീസുകൾ നവീകരിക്കുന്നതിന് വകുപ്പ് മുന്തിയ പരിഗണന നൽകി വരുന്നുണ്ടോ; ജീർണ്ണിച്ച കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്ന ട്രഷറി ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ (ബഡ്ജറ്റിൽ 20% തുക നീക്കിയിരുപ്പുള്ളവ) വകുപ്പ് മുൻകയ്യെടുക്കുമോ; വിശദമാക്കാമോ?

പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ 20% തുക നീക്കിയിരിപ്പുള്ള ട്രഷറികൾക്ക്, സ്വന്തമായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത സ്ഥലത്ത് പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ചുവരികയാണ്.

(ബി) ട്രഷറി കെട്ടിടങ്ങളുടെ ഡി.പി.ആർ. തയ്യാറാക്കാൻ ഏതെങ്കിലും അക്രെഡിറ്റഡ് ഏജൻസിയെ ചുമതലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുള്ള 4 ട്രഷറികളുടെയും സ്ഥലം ലഭ്യമായിട്ടുള്ള 10 ട്രഷറികളുടെയും നിർമ്മാണ പ്രവൃത്തികൾക്കായി പുതിയ ഒരു അക്രെഡിറ്റഡ് ഏജൻസിയെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) ഭരണാനുമതി നൽകുന്നതിലും പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിലും വരുന്ന കാലതാമസം ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഭൂമി ലഭ്യമാകുന്ന മുറയ്ക്കും പുതിയ അക്രെഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുന്ന മുറയ്ക്കും നിർമ്മാണ പ്രവൃത്തികൾ അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കുന്നതാണ്.

പയ്യന്നൂർ സബ് ട്രഷറി കെട്ടിട നിർമ്മാണം

130 (515) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ സബ്ട്രഷറി കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 12 മാസമായിരുന്ന കെട്ടിട നിർമ്മാണ കാലാവധി. നിലവിൽ കെട്ടിടത്തിന്റെ കോൺക്രീറ്റ് വർക്കുകൾ പൂർത്തിയായിട്ടുണ്ട്. താഴത്തെ നിലയിലെ ചുമരുകളുടെ ജോലികൾ പൂർത്തിയായി. പ്ലംബിംഗ്, ഇലക്ട്രിക്കൽ ജോലികൾ പുരോഗമിക്കുന്നു. മുകളിലത്തെ നിലയുടെ ഭിത്തിയുടെ ജോലികൾ നടന്നുവരുന്നു. കോവിഡ് മഹാമാരി കാരണമുള്ള അപ്രതീക്ഷിത സാഹചര്യങ്ങളാണ് നിർമ്മാണ പ്രവൃത്തികളിലെ കാലതാമസത്തിന് കാരണം.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

കെട്ടിട നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചുവരുന്നുണ്ട്.

(സി) നിർമ്മാണം പൂർത്തീകരിച്ച് ട്രഷറി പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

6 മാസത്തിനുള്ളിൽ പയ്യന്നൂർ സബ് ട്രഷറിയുടെ പുതിയ കെട്ടിട നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീകണ്ഠാപുരം സബ്ട്രഷറി കെട്ടിട നിർമ്മാണം

131 (516) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ശ്രീകണ്ഠാപുരം സബ്ട്രഷറിക്കുവേണ്ടി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(ബി) കെട്ടിട നിർമ്മാണത്തിന് നിർവ്വഹണ ഏജൻസിയായി ഇൻകെൽ ലിമിറ്റഡിനെ തെരഞ്ഞെടുത്തിരുന്നെങ്കിലും പിന്നീട് ഒഴിവാക്കിയതിനാൽ പുതിയ നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുത്തിട്ടുണ്ടോ?

(എ&ബി) വിഷയം ധനകാര്യവകുപ്പിന്റെ പരിശോധനയിലാണ്.

മുണ്ടക്കയം സബ് ട്രഷറി കെട്ടിട നിർമ്മാണം

132 (517) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുണ്ടക്കയം സബ് ട്രഷറിയുടെ കെട്ടിട നിർമ്മാണത്തിനായി പുതിയ അക്രെഡിറ്റഡ് ഏജൻസിയെ തെരഞ്ഞെടുക്കുന്ന നടപടി ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ;

ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്.